# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

<u>നക്ഷത്രചിഹ്നമിടാത്തചോദ്യം നം. 763</u>

<u>30.06.2015- ൽ</u>
<u>മറുപടി.</u>

## <u>സർക്കാർ ആശുപത്രികളിലെ പോസ്റ്റുമോർട്ടവും മോർച്ചറികളുടെ ആധുനികവൽക്കരണവും</u>

| <u>ചോദ്യം</u> | <u>ഉത്തരം</u> |
|---|---|
| ശ്രീ.കെ.കുഞ്ഞമ്മത് മാസ്റ്റർ | ശ്രീ. വി.എസ്.ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) സർക്കാർ ആശുപത്രികളിൽ ഒരു മാസം ശരാശരി എത്ര പോസ്റ്റുമോർട്ടങ്ങൾ നടക്കാറുണ്ടെന്ന് വെളിപ്പെടുത്തുമോ; | (എ) സർക്കാർ ആശുപത്രികളിൽ ഒരു മാസം ശരാശരി 773 പോസ്റ്റ് മോർട്ടങ്ങൾ നടക്കാറുണ്ട്. |
| (ബി) ഇതിനാവശ്യമായ ഫോറൻസിക് സർജൻമാരും മറ്റു ജീവനക്കാരും നിലവിലുണ്ടോ; വിശദമാക്കുമോ: | (ബി) ജനറൽ ആശുപത്രി ആലുവ, മുവാറ്റുപുഴ, തൃശ്ശൂർ, ജില്ലാ ആശുപത്രി പാലക്കാട്, കണ്ണൂർ എന്നിവിടങ്ങളിലാണ് നിലവിൽഫോറൻസിക് സർജൻമാർ ഉള്ളത്. മറ്റുള്ള സ്ഥാപനങ്ങളിൽ ഡ്യൂട്ടിയിൽ ഉള്ള ഡോക്ടർ, അസിസ്റ്റന്റ് സർജൻ, സിവിൽ സർജൻ എന്നിവരാണ് പോസ്റ്റ്മോർട്ടം നടത്തുന്നത്. |
| (സി) മെഡിക്കൽ കോളേജ് ആശുപത്രികളിലെ ഫോറൻസിക് വിഭാഗങ്ങളിൽ ഇപ്പോഴുള്ള സ്റ്റാഫ് പാറ്റേൺ ഏതു വർഷത്തേതാണ് എന്ന് വ്യക്തമാക്കുമോ; | (സി) ഓരോ സർക്കാർ മെഡിക്കൽ കോളേജിലും മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യയുടെ മാനദണ്ഡമനുസരിച്ചുള്ള സ്റ്റാഫ് പാറ്റേൺ ആണ് നിലവിലുള്ളത്; ആയതിന് കാലാകാലങ്ങളിൽ മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യ മാറ്റം വരുത്താറുമുണ്ട്. |
| (ഡി) കാലാനുസൃതമായി ഇവ പരിഷ്കരിക്കുന്നതിനും പോസ്റ്റുമോർട്ടം നടപടികൾ വേഗത്തിലാക്കുന്നതിനും മോർച്ചറികൾ ആധുനികവൽകരിക്കുന്നതിനും നടപടി സ്വീകരിക്കുമോ ? | (ഡി) ഇരുപത്തിനാല് മണിക്കൂറും പോസ്റ്റ്മോർട്ടം നടത്തുവാനുള്ള സൗകര്യങ്ങൾ പൂർത്തിയാകുന്നതോടൊപ്പം തന്നെ ഈ വിഭാഗത്തിലെ സ്റ്റാഫ് പാറ്റേൺ പരിഷ്കരണവും മോർച്ചറികളുടെ ആധുനികവൽക്കരണവും നടപ്പാകുന്നതാണ്. |

സെക്ഷൻ ഓഫീസർ